# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി2/790/2016 ചാക്ക, തിരുവനന്തപുരം
തീയതി: 21.03.2016

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ഏപ്രിൽ 2016 - ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകളിൽ പങ്കെടുക്കുന്നതിന്- അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

****************

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കളിൽ വെച്ച് ഏപ്രിൽ 2016 ൽ നടക്കുന്ന എസ്.സി.വി.റ്റി ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ 150/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകളുടെ രണ്ട് പകർപ്പ്, എസ്.എസ്.എൽ.സിയുടെ കോപ്പി, റീ-അഡ്മിഷൻ നേടിയ ട്രെയിനിയാണെങ്കിൽ റീ അഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പ്, നാലാം സെമസ്റ്റർ പരീക്ഷ എഴുതിയ ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം 29-03-2016 വൈകുന്നേരം 4 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ്:- 1. ഡിറ്റിയുടെ സി.എ/ എ.ഡി.റ്റി/ സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി. (എസ്.പി.ഐ.യു), ജെ.ഡി.റ്റി. / ജെ.ഡി. (ആർ.ജെ.ഡി. കണ്ണൂർ)
2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി)
3. വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/22.03

''ഭരണഭാഷ-മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

**നമ്പർ.ജി2/790/16** **ചാക്ക, തിരുവനന്തപുരം-07**
**തീയതി:** 21.03.2016

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ഏപ്രിൽ 2016 - (ഒന്നാം സെമസ്റ്റർ) സപ്ലിമെന്ററി - ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

**********

എസ്.സി.വി.റ്റി. ട്രേഡുകളിൽ 2015 നവംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് പരാജയപ്പെട്ട ട്രെയിനികളായിരിക്കണം ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുന്ന ട്രെയിനികൾ ഒന്നാം സെമസ്റ്റർ (റെഗുലർ) പരീക്ഷയ്ക്ക് ഹാജരായ ഹാൾടിക്കറ്റിന്റെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം ഹാൾ ടിക്കറ്റിന്റെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ 150/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ സഹിതം പൂരിപ്പിച്ച അപേക്ഷകൾ **<u>29-03-2016 വൈകുന്നേരം 4.00</u>** മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷകളുടെ രണ്ട് പകർപ്പുകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തതുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യനിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യ തുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുക 150/- രൂപയാണ്.

ഒന്നാം സെമസ്റ്റർ റഗുലർ പരീക്ഷയിൽ പങ്കെടുക്കാതെ ആദ്യമായി സപ്ലിമെന്ററി പരീക്ഷ എഴുതുന്ന ട്രെയിനികളാണെങ്കിൽ ടി പരീക്ഷയിൽ പങ്കെടുക്കാൻ അനുമതി നൽകിയ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവിന്റെ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്.

പരിശീലനം പൂർത്തിയാക്കിയ സർക്കാർ ഐ.ടി.ഐയിലാണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. പരീക്ഷാകേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എല്ലാ വിവരങ്ങളും ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷകൾ **<u>29-03-2016 ന് വൈകുന്നേരം 4</u>** മണിക്ക് മുൻപായി ബന്ധപ്പെട്ട സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യാത്തതോ അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

*"ഭരണഭാഷ-മാതൃഭാഷ"*

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ.ജി2/790/16

ചാക്ക, തിരുവനന്തപുരം-07
തീയതി: 21.03.2016

## <u>നിർദ്ദേശങ്ങൾ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ഏപ്രിൽ 2016 - (ഒന്നാം സെമസ്റ്റർ) സപ്ലിമെന്ററി - ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്.

***********

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ താഴെ പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ശുപാർശ ചെയ്യുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടികൾ

1. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
2. ടി ട്രെയിനി 2015 നവംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ റെഗുലർ പരീക്ഷയിൽ പങ്കെടുത്ത് പരാജയപ്പെട്ട ട്രെയിനിയാണോ എന്ന് ഉറപ്പാക്കേണ്ടതാണ്.
3. അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
   ട്രെയിനിയുടെ എസ്.എസ്.എൽ.സി യുടെ പകർപ്പ്, ഒന്നാം സെമസ്റ്റർ റഗുലർ പരീക്ഷയിൽ പങ്കെടുക്കാതെ ആദ്യമായി സപ്ലിമെന്ററി പരീക്ഷ എഴുതുന്ന ട്രെയിനികളാണെങ്കിൽ ടി പരീക്ഷയിൽ പങ്കെടുക്കാൻ അനുമതി നൽകിയ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവിന്റെ പകർപ്പ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാന്റെ അസ്സൽ പതിപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.
4. ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന ട്രെയിനികൾ ഒന്നാം സെമസ്റ്റർ (റെഗുലർ) പരീക്ഷയിൽ പങ്കെടുത്ത ഹാൾടിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ട്രെയനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ അറിയിക്കുന്നതായിരിക്കും. ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം **<u>29-03-2016 ന് വൈകുന്നേരം 5 മണിക്ക്</u>** മുൻപായി രേഖപ്പെടുത്തേണ്ടതാണ്. 2016 ഏപ്രിൽ മാസം സെമസ്റ്റർ പരീക്ഷകൾ നടത്തേണ്ടതിനാൽ ഓരോ ദിവസവും ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

കൈമാറുന്ന ട്രെയിനികളുടെ വിവരം ഓരോ ട്രേഡ് പ്രകാരം താഴെ പറയുന്ന മാതൃകയിൽ പട്ടികയായി കൈമാറേണ്ടതാണ്.